No.CEE/4383/2014/KEAM-2015/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശന പരീക്ഷ – 2015
## SEBC / OEC സംവരണത്തിനുള്ള നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് പുതുതായി സമർപ്പിക്കുന്നതിന് അവസരം

രാജ്യത്തെ പ്രൊഫഷണൽ കോഴ്സുകളിലേയക്കുള്ള പ്രവേശനത്തിനായി നടത്തപ്പെടുന്ന പ്രവേശന പരീക്ഷകൾ, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരണം, അലോട്ട്മെന്റ് എന്നിവ ബഹു:സുപ്രീം കോടതി നിശ്ചയിച്ചിട്ടുള്ളതും, കേന്ദ്ര റഗുലേറ്ററി അതോറിറ്റികൾ പ്രഖ്യാപിച്ചുട്ടുള്ളതുമായ ഷെഡ്യൂൾ പ്രകാരമാണ് നടത്തുന്നത്. അതുപ്രകാരം സംസ്ഥാനത്തെ പൊതു പ്രവേശന പരീക്ഷകൾ എല്ലാ വർഷവും ഏപ്രിൽ മൂന്നാംവാരം നടന്നുവരുന്നു. എല്ലാ വർഷവും ജനുവരി ആദ്യവാരം മുതൽ ഫെബ്രുവരി ആദ്യവാരം വരെ പ്രവേശന പരീക്ഷാ കമ്മീഷണർ അപേക്ഷകൾ ക്ഷണിക്കുന്നു. ലഭിക്കുന്ന അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി അപേക്ഷകരുടെ യോഗ്യതകളും, അർഹതയും നിർണയിച്ച ശേഷം അഡ്മിറ്റ് കാർഡുകൾ പ്രസിദ്ധീ കരിക്കുന്നതിനും, അതിനുശേഷം അപേക്ഷകളിലെ ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള സമയം നൽകി പരമാവധി അപേക്ഷകരെ പ്രവേശനപ്പരീക്ഷകളിൽ പങ്കെടുപ്പിക്കുന്നതിനും വേണ്ടിയാണിത്. ഓരോ വർഷവും തൊട്ടുമുൻപുള്ള ഡിസംബർ മാസം മദ്ധ്യത്തോടെ പ്രവേശന പരീക്ഷയ്ക്കുള്ള പ്രോസ്പെക്ടസ് സർക്കാർ അംഗീകരിക്കാറുണ്ട്. സർക്കാർ അംഗീകൃത പ്രോസ്പെക്ടസ് പ്രിന്റ് ചെയ്ത് രാജ്യത്തെ പ്രമുഖ പോസ്റ്റോഫീസുകൾ വഴി വില്പനയ്ക്കു തയ്യാറാക്കുന്നതിന് 20 ദിവസമെങ്കിലും സമയം ആവശ്യമുള്ളതിനാലാണിത്. ഏതെങ്കിലും കാരണത്താൽ ഈ സമയക്രമ ത്തിൽ മാറ്റം വരുത്തിയാൽ അനന്തരഫലമായി പ്രവേശനനടപടികൾ നീണ്ടു പോകുകയും, സർക്കാർ നേരിട്ട് ബഹു: സുപ്രീം കൊടതിയിൽ നിന്നും സമയം നീട്ടി നൽകുന്നതിനുള്ള അനുമതി നേടേണ്ടതായി വരികയും ചെയ്യും. ഇത്തരം പ്രതികൂല സാഹചര്യങ്ങൾ ഒഴിവാക്കി പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം സുഗമമായി നടത്തുന്നതിന് ഈ സമയക്രമം പാലിയ്ക്കാൻ പ്രവേശന പരീക്ഷാ കമ്മീഷണർ പ്രത്യേകം ശ്രദ്ധിക്കാറുണ്ട്.

കേരള സംസ്ഥാന പിന്നോക്ക സമുദായ കമ്മീഷന്റെ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് SEBC സംവരണത്തിന് നോൺ ക്രീമിലെയർ വ്യവസ്ഥകൾ ബാധകമാക്കികൊണ്ടുള്ള സർക്കാർ ഉത്തരവ് 01.01.2015–നാണ് പുറത്തിറക്കിയത്. കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുന്ന വിവരം നേരത്തെ പ്രവേശന പരീക്ഷാ കമ്മീഷണറെ അറിയിച്ചിരുന്നുവെങ്കിലും, നയപരമായ തീരുമാനങ്ങൾ മന്ത്രിസഭ ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാകയാൽ പ്രസ്തുത റിപ്പോർട്ടിലെ ഉള്ളടക്കം പ്രോസ്പെക്ടസിൽ ഉൾപ്പെടുത്താനോ, പ്രവേശന പരീക്ഷയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ നീട്ടികൊണ്ടു പോകാനോ കമ്മീഷണർക്ക് അധികാരമില്ല. മേൽ സർക്കാർ ഉത്തരവിന് അനുസൃതമായി പ്രോസ്പെക്ടസിലെ വ്യവസ്ഥകളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് 05.01.2015–നാണ് പുറത്തിറക്കിയിട്ടുള്ളത്. ലഭ്യമായ സമയത്തിനകം തന്നെ ഓൺലൈൻ അപേക്ഷാ സമർപ്പണത്തിനുള്ള സോഫ്ട്വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടും, മേൽപറഞ്ഞ സർക്കാർ ഉത്തരവുകൾക്ക് ആവശ്യമായ പ്രചാരം നൽകിക്കൊണ്ടും 10.01.2015 മുതൽ അപേക്ഷകൾ സ്വീകരിച്ചു തുടങ്ങി. ഇതിനോടകം 1,14,000–ൽ പരം അപേക്ഷകൾ ഓൺലൈനായി ലഭിച്ചിട്ടുണ്ട്. അതിൽ 1,11,000–ൽ പരം അപേക്ഷകൾ പ്രിന്റൗട്ട് എടുക്കപ്പെട്ടിട്ടുണ്ട്. അപേക്ഷ സമർപ്പണ ത്തിനുള്ള മാർഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിശദമായ വിജ്ഞാപനം

വെബ്സൈറ്റിലും, പത്ര മാദ്ധ്യമങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇവയിലെല്ലാം തന്നെ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള സർക്കാർ ഉത്തരവിലെ നിബന്ധന പ്രകാരം SEBC സംവരണത്തിന് തഹസീൽദാരിൽ കുറയാത്ത റവന്യൂ ഉദ്യോഗസ്ഥരിൽ നിന്ന് ലഭിക്കുന്ന നോൺ ക്രീമീലെയർ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ പ്രസ്തുത സർട്ടിഫിക്കറ്റ് ലഭിക്കാനുള്ള നടപടിക്രമം ലഘൂകരിക്കുന്നതിനായി നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള ചുമതല വില്ലേജ് ഓഫീസർമാർക്ക് നൽകിക്കൊണ്ട് 23.01.2015–ന് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിനോടകം തന്നെ SEBC സംവരണാർഹരായ പല വിദ്യാർത്ഥികളും അപേക്ഷയോടൊപ്പം നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് സമർപ്പിക്കാൻ വിട്ടുപോയത് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ആയതിനാൽ സംവരണം ലഭിക്കുന്നതിനുള്ള നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കാത്തവർക്ക് പുതുതായി സമർപ്പിക്കുന്നതിന് **10.02.2015** വരെ സമയം ദീർഘിപ്പിച്ചിട്ടുണ്ട്. അപേക്ഷകർ അവരുടെ ഹോം പേജിൽ പ്രവേശിച്ച് 'Print Application' ക്ലിക്ക് ചെയ്ത് അപേക്ഷയുടെ ഒന്നാം പേജിന്റെയും, 'Download Proformas' ക്ലിക്ക് ചെയ്ത് നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിന്റെ പ്രഫോർമയുടെയും പ്രിന്റൗട്ട് എടുത്ത ശേഷം ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നും നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് വാങ്ങി ഇവ രണ്ടും കൂടി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് **10.02.2015**–ന് **വൈകുന്നേരം 5 മണിക്ക്** മുൻപായി സമർപ്പിക്കാവുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
25.01.2015